**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5397** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഇറച്ചിക്കോഴിയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന് ആവശ്യമായ ഇറച്ചിക്കോഴിയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്തിന് ആവശ്യമായ ഇറച്ചിക്കോഴിയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'കേരള ചിക്കൻ പദ്ധതി'. ഈ പദ്ധതി ആരംഭിച്ച ജില്ലകളിൽ ശുദ്ധമായ കോഴിയിറച്ചിയുടെ ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. കുടുംബശ്രീ വനിതകൾ നടത്തുന്ന ഫാമുകളിൽ കുടുംബശ്രീ സംവിധാനത്തിന്റെ മേൽനോട്ടത്തിൽ ആണ് ഇറച്ചിക്കോഴികളെ വളർത്തുന്നത്. നിലവിൽ പ്രതിദിനം ഏകദേശം 50 ടൺ കോഴിയിറച്ചി വിപണിയിലെത്തിക്കുവാൻ കുടുംബശ്രീയുടെ കേരള ചിക്കൻ പദ്ധതിയിലൂടെ കഴിയുന്നുണ്ട്. ശീതീകരിച്ച് പാക്ക് ചെയ്ത കോഴിയിറച്ചി തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ സൂപ്പർമാർക്കറ്റുകൾ വഴി വിൽപ്പന നടത്തുന്നതിനും സാധിച്ചിട്ടുണ്ട്. ശാസ്ത്രീയമായ ഉത്പാദനം മുതൽ ഉപഭോഗം വരെ ശുദ്ധമായ കോഴിയിറച്ചി നൽകുവാനുള്ള ഉദ്ദേശത്തിൽ ശൃംഖലകൾ സ്ഥാപിച്ച കേപ്കോ 'കേരള ചിക്കൻ' എന്ന ബ്രാൻഡിൽ വിപണനം ചെയ്യുന്നുണ്ട്.<br><br>കൂടാതെ മൃഗസംരക്ഷണ മേഖലയിലെ ശാക്തീകരണത്തിനും, വരുമാന വർദ്ധനവിനും ഇറച്ചിക്കോഴി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും വേണ്ടി കൂടുതൽ കർഷകരെ കോഴിവളർത്തൽ മേഖലയിലേക്ക് കൊണ്ടുവരുന്നതിനുമായി മൃഗസംരക്ഷണ വകുപ്പിന് കീഴിലെ പൊതുമേഖല സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ** |

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്‌കോ തന്നെ വിലക്കെടുത്ത് സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും, അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി കെപ്‌കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. അതിനു പുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴി വളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽ നിന്നും മിതമായ നിരക്കിൽ ലഭിക്കുന്നതും, കേരള ചിക്കൻ പദ്ധതിക്ക് ആവശ്യമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെയും കെപ്‌കോയിൽ നിന്നും ലഭ്യമാക്കി വരുന്നു.<br><br>സംസ്ഥാനത്തിന് ആവശ്യമായ ഇറച്ചിക്കോഴിയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കുചേരുന്നതിന്റെ ഭാഗമായി മറ്റൊരു പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യയിൽ ദിനംപ്രതി ഒരു ഷിഫ്റ്റിൽ 2500 കോഴികളെ സംസ്കരിച്ച് ഇറച്ചിയാക്കുന്ന ഒരു പൗൾട്രി പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഇറച്ചിക്കോഴി കർഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | 2024 ജൂലൈ 28 ലെ 40/2024/തസ്വഭവ. നമ്പർ വിജ്ഞാപനം പ്രകാരം കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് ഭേദഗതി ചെയ്ത് ഉത്തരവായിട്ടുണ്ട്. അതിൽ 100 മുതിർന്ന കോഴി എന്നുള്ളത് മാറ്റി 500 മുതിർന്ന കോഴിക്ക് മുകളിൽ വളർത്തുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ അനുമതി എടുത്താൽ മതിയാകും. അത് ഇറച്ചിക്കോഴി കർഷകർക്ക് വലിയ തോതിൽ സഹായകരമായിട്ടുണ്ട്.<br><br>കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഇറച്ചിക്കോഴിക്കർഷകരെ സഹായിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഇറച്ചി കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്റ്റ് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്‌കോ തന്നെ കർഷകരിൽ നിന്നും വിലക്കെടുത്ത് സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും, അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി കെപ്‌കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. ഇതുവഴി ഇറച്ചിക്കോഴികർഷകർക്ക് ഒരു നിശ്ചിത വരുമാനം കണ്ടെത്തുന്നതിനും സഹായിക്കുന്നു. അതിനു പുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട |

| | | | |
|---|---|---|---|
| | | | **കോഴി വളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽ നിന്നും മിതമായ നിരക്കിൽ ലഭ്യമാക്കിയും കെപ്കോ ഇറച്ചിക്കോഴികർഷകരെ സഹായിക്കുന്നു.**<br><br>**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ഇറച്ചിക്കോഴി കർഷകരുടെ ഇന്റഗ്രേറ്റഡ് ഫാമുകളിൽ വളർത്തുന്ന കോഴികളെ കമ്പനിയുടെ ആവശ്യത്തിനായി വാങ്ങി ഇറച്ചിക്കോഴി കർഷകരെ സഹായിക്കുന്നുണ്ട്.** |
| (സി) | കോഴിത്തീറ്റ ഉത്പാദിപ്പിക്കുന്നതിനും അത് കർഷകർക്ക് എത്തിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) | **കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ സെൻറർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ് (CASPS)-ന്റെ കീഴിലുള്ള റിവോൾവിംഗ് ഫണ്ട് ഉപയോഗിച്ച് പൗൾട്രി പ്രോജക്ട് ഫീഡ് മില്ലിൽ പ്രതിമാസം 500 ടൺ തീറ്റ ഉത്പാദിപ്പിക്കാനുള്ള ശേഷിയുള്ളതാണ്. നിലവിൽ, ഈ മില്ലിൽ 200 ടൺ കോഴിത്തീറ്റ പ്രതിമാസം ഉത്പാദിപ്പിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകൾക്കും കേരളത്തിലെ കർഷകർക്കും കോഴിതീറ്റ വിതരണം ചെയ്തു വരുന്നു.**<br><br>**മൃഗസംരക്ഷണ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സിൽ മുട്ടക്കോഴികൾക്കുള്ള തീറ്റ ഉത്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു.** |

സെക്ഷൻ ഓഫീസർ